GOVT. BOYS HIGHER SECONDARY SCHOOL
TIRUR
Quest for Excellence
ESTD : 1899

little KITEs



# Restart

# സന്ദേശം



2022-25 ലിറ്റിൽകൈറ്റ്സ് ബാച്ചിന്റെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനത്തിന്റെ ഭാഗമായി ജി.ബി എച്ച്.എസ് തിരൂരിൽ നിന്നും തയ്യാറാക്കിയ Restart ന് എല്ലാ വിധ ആശംസകളും നേരുന്നു

ബാബുരാജ് ആർ പി
പ്രധാനാധ്യാപകൻ
(ഇൻ ചാർജ്)

ആശംസകൾ

# സന്ദേശം




സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് തിരൂർ ജി ബി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ്-ഐ ടി ക്ലബ്ബ് തയ്യാറാക്കിയ Restart ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. കുട്ടികളുടെ കഴിവുകളും ചിന്തകളും ഭാവനകളും വിടരട്ടെ

**എ .കെ ബാബു**

**പി ടി എ പ്രസിഡണ്ട്**

ആശംസകളോടെ...!

പരിമിതികൾ ഒരുപാടുണ്ട് .... എങ്കിലും , ഇത് ഞങ്ങളുടെ കഥകളും കവിതകളും ചിന്തകളും മറ്റും Restart ലൂടെ നിങ്ങളിലേയ്ക്ക് എത്തിയ്ക്കാനുള്ള ഒരു എളിയ ശ്രമം. പോരായ്മകളെ ഉൾക്കൊണ്ട് ഞങ്ങളെ അനുഗ്രഹിയ്ക്കുമല്ലോ....

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ്

# ആസ്വാദനം
# കാലാതിവർത്തിയാകുന്ന കാലം

വള്ളുവനാടൻ ജീവിതത്തിന്റെ നേർചിത്രം മലയാള മനസ്സിലേക്ക് പതിപ്പിച്ച അതുല്യ പ്രതിഭയാണ് 'എം.ടി'. അക്ഷരങ്ങളാൽ വായനയുടെ അനന്തലോകങ്ങൾ സൃഷ്ടിച്ച എം.ടി മലയാള സാഹിത്യത്തിന് പകരം വയ്ക്കാനാകാത്ത ഒരു വ്യക്തിത്വമാണ്. കാലത്തിന്റെ മറുകര തേടുന്ന മനുഷ്യന്റെ ജീവിതേതിഹാസമാണ് എം.ടിയുടെ 'കാലം' എന്ന നോവൽ.

കടന്നുപോകുന്ന ഓരോ പാതയിലും തന്റെ ഒരടയാളമെങ്കിലും അവശേഷിപ്പിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യർ ഒടുവിൽ മുന്നിൽ കാണുന്നത് രക്തം വാർന്നു തീർന്ന മണ്ണിന്റെ മൃതശരീരമാണ് . അയാൾക്ക് കൂട്ടായി സ്വന്തം നിഴൽ മാത്രം ശേഷിക്കുന്നു. പച്ചയും ഈർപ്പവും അലഞ്ഞകലുന്ന നാടിന്റെ കഥയെ മനുഷ്യ കഥയിൽ മനോഹരമായി ലയിപ്പിച്ചിരിക്കുന്ന ഈ  നോവലിലെ നായകൻ, എങ്കിലും ഉദയത്തിന്റെ ഗോപുരങ്ങളിലേക്ക് നോക്കുന്നു. ആരും കാണാതെ വിടരുന്ന താമരപ്പൂക്കളുടെ ഒരു പൊയ്ക എവിടെയോ ഉണ്ടെന്ന് ആശ്വസിക്കുന്നു.

മലവെള്ളം സ്വപ്നം കണ്ടുണങ്ങിയ പുഴ പോലെ, ജീവിതത്തിന്റെ സമൃദ്ധികൾ കിനാവുകണ്ടുകൊണ്ടിരിക്കെ, കാലഗതിയുടെ കടുന്തുടികൾ കേട്ടനടുങ്ങിയ മനുഷ്യജന്മങ്ങളുടെ കഥ! "സേതുന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരുന്നുള്ളൂ.... സേതൂനോട് മാത്രം" സുമിത്രയുടെ ഈ വാക്കുകളിലാണ് കാലത്തിന്റെ ആത്മാവ് കുടികൊള്ളുന്നത്. കാലത്തിന്റെ ആസുരമായ കൈകൾക്കു പിടി കൊടുക്കാത്ത, കലാശക്തിയുടെ കൈയൊപ്പായ കൃതിയാണ് അവാച്യസുന്ദരമായ 'കാലം'

അനന്യ.വി.പി
9 M



# അപ്പുവിന്റെ റോസാപ്പൂ.

അപ്പു ഏതോ ചിന്തയിലാണ്ടു കിടക്കുകയായിരുന്നു. അവന്റെ അമ്മ വന്നുവിളിച്ചപ്പോൾ ആണ് അവൻ അതിൽ നിന്നും ഞെട്ടി എഴുന്നേറ്റത്. “ അപ്പൂ..... മോനേ  അപ്പൂ... നിന്റെ മുത്തശ്ശൻ വന്നിട്ടുണ്ട് , കൈയിൽ എന്തോ ഉണ്ട് .” കേട്ടപാതി കേക്കാത്തപാതി അവൻ പിന്നാമ്പുറത്തുനിന്നും ഉമ്മറത്തേക്ക് പറന്നു. ചെറുപ്പം മുതലേ ചെടികളോടും പൂക്കളോടും താൽപര്യമുള്ള അവന്റെ ആഗ്രഹമാണ് ഒരു റോസാച്ചെടി നടണമെന്ന്. ഇന്ന് ആ ആഗ്രഹം സാധിച്ചിരിക്കുന്നു. അപ്പുവിന്റെ മുത്തശ്ശൻ അവന് റോസാച്ചെടി കൊണ്ടുവന്നിരിക്കുകയാണ്. അവൻ ഓടിച്ചെന്ന് മുത്തശ്ശനെ കെട്ടിപ്പുണർന്നു. രണ്ടുപേരും ചേർന്ന് അതിനെ നട്ടു. അപ്പോൾ മുത്തശ്ശൻ ചോദിച്ചു . ഇതിൽ ആദ്യം വിരിയുന്ന റോസാപ്പൂ നീ ആർക്ക് കൊടുക്കും ? അപ്പുവിന്റെ മറുപടി ,എന്താ സംശയം മുത്തശ്ശനു തന്നെ .  അങ്ങനെ രണ്ടാഴ്ച്ചയ്ക്ക് ശേഷം അവൻ സന്തോഷം കൊണ്ട് മതിമറന്നു. എന്റെ റോസാച്ചെടി ആദ്യമായി പൂവിട്ടിരിക്കുന്നു. അവനാ സൗന്ദര്യത്തിൽ മതിമറന്നിരിക്കെ അന്നത്തെപ്പോലുള്ള അമ്മയുടെ വിളി അവൻ കേട്ടു . എന്നാൽ അത് സന്തോഷംകൊണ്ടുള്ള വിളിയല്ല.  അവനങ്ങനെ അതറിഞ്ഞു .അവന്റെ മുത്തശ്ശൻ ഇനിയില്ല. തേങ്ങി തേങ്ങി അവൻ തന്റെ മുറ്റത്തേക്കോടി തന്റെ റോസാച്ചെടിയുടെ അടുത്തേക്ക് , വിതുമ്പിക്കരയാൻ ശബ്ദം പുറത്തേക്കുവരാതെ അവനാ റോസാച്ചെടിയോട് പറഞ്ഞു . “നിന്നെ ഞാനും മുത്തശ്ശനും കൂടി നട്ടു, ഇന്നു നീയെനിക്കു റോസാപ്പൂ തന്നു . എന്നാൽ എന്റെ മുത്തശ്ശനു ഞാൻ ഇതെങ്ങനെ നൽകും ?” അവനാപൂവ് വലിച്ച് പറിച്ചെടുത്ത് നിലത്തിട്ടു. വാങ്ങാനാളില്ലെങ്കിൽ എന്തിനുവിരിഞ്ഞു നീ?  നിലത്തുകിടന്ന് ആ റോസാപ്പൂ കാറ്റിന്റെ തലോടലിൽ മന്ദമായി തേങ്ങുന്നതായി അപ്പുവിന് തോന്നി..

അദൃശ്യ പ്രശാന്ത്



# തകർന്ന പ്രതിധ്വനികൾ

കഥകൾ കൊണ്ട് നെയ്തെടുത്തെങ്കിലും വിവേചനം പടർന്നു.
വൈവിധ്യമാർന്ന മുഖങ്ങളിൽ ഒരു നിഴൽ വീണു,
നിശബ്ദവും നീണ്ടുനിൽക്കുന്നതുമായ അടയാളങ്ങൾ അവശേഷിപ്പിക്കുന്നു.

വിവേചനം, ഒരു വിഷമുള്ള സർപ്പം,
നിശ്ശബ്ദമായി ഇഴയുന്നു,
അജ്ഞതയുടെ ബീജത്താൽ ജ്വലിക്കുന്നു.
അത് വ്യത്യസ്തമായി വളരുന്നു,
തിരിച്ചറിയുകയും യഥാർത്ഥവും
ഹൃദയങ്ങൾ മറച്ചുവെക്കുന്ന പക്ഷപാതങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നു.

ജീവിതത്തിൻ്റെ കളിസ്ഥലത്ത്,
വേദനാജനകമായ ഒരു കളി,
ലേബലുകളും വിധിന്യായങ്ങളും
അവരുടെ അവകാശവാദം ഉന്നയിക്കുന്നിടത്ത്.
ആഴത്തിലുള്ള ചർമ്മം, വിഭജിക്കുന്ന നിറം,
മുറിവേറ്റ ആത്മാക്കളെ എതിർ
വശങ്ങളിലായി ഉപേക്ഷിക്കുന്നു.

മതം, വംശം, അല്ലെങ്കിൽ ലിംഗഭേദം,
വിവേചനത്തിൻ്റെ ഉയർച്ചയുടെ
അഗ്നിജ്വാലകൾക്ക് ഇന്ധനം നൽകുക.
മുൻവിധിയുടെ മന്ത്രിപ്പുകൾ ഉച്ചത്തിൽ പ്രതിധ്വനിക്കുന്നു,
അതിൻ്റെ കഫന് താഴെയുള്ളവരുടെ ഹൃദയങ്ങളിൽ.

എന്നിരുന്നാലും, കാമ്പിൽ,
ഞങ്ങൾ ഒന്നുതന്നെയാണ്,
മിടിക്കുന്ന ഹൃദയങ്ങളോടും പങ്കിട്ട ജ്വാലയോടും കൂടി.
എന്തിനാണ് വിവേചനം,
സ്നേഹം ആലിംഗനം ചെയ്യുമ്പോൾ,
ഒടിവുകൾ ശരിയാക്കാൻ കഴിയുമോ?

മെയ് മാസത്തിലെ പൂക്കൾ
പോലെ സഹാനുഭൂതി പൂക്കട്ടെ,
ഹൃദയങ്ങളുടെ പൂന്തോട്ടത്തിൽ, ദയ ചലിക്കട്ടെ.
കാരണം, ഐക്യത്തിൽ വിവേചനം കുറയും.
സ്നേഹത്തിൻ്റെ വിളിയുടെ ശക്തിയാൽ തകർന്നു.

വ്യത്യാസങ്ങൾ സ്വീകരിക്കുക, അവ തിളങ്ങട്ടെ,
അസ്തിത്വത്തിൻ്റെ മൊസൈക്കിൽ,
ഒരു ഡിസൈൻ ദൈവികമാണ്.
ചങ്ങല പൊട്ടിക്കുക, സ്വാതന്ത്ര്യം മുഴങ്ങട്ടെ,
വിവേചനത്തിന് കുത്തേറ്റിട്ടില്ലാത്ത ലോകത്തിനായി.

ജാസിം മുഹമ്മദ്.എം

# ഡെഫ്രോൺസോയ്ക്കുള്ളിലെ നിഗൂഢതകൾ

ഒരിക്കൽ, ഡെഫ്രോൺസോയുടെ നിഗൂഢ ദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണത്തിൽ ലോറ എന്ന ഒരു പെൺകുട്ടി താമസിച്ചിരുന്നു. പതിനെട്ടാം ജന്മദിനം വരെ അവൾ ഏതൊരു സാധാരണ പെൺകുട്ടിയെയും പോലെയായിരുന്നു. അർദ്ധരാത്രിയായപ്പോള്, പ്രായപൂർത്തിയാകുന്നതിലേക്കുള്ള അവളുടെ പരിവർത്തനത്തെ സൂചിപ്പിച്ചുകൊണ്ട്, ലോറയ്ക്ക് അവളുടെ സിരകളിലൂടെ വിചിത്രമായ ഊർജ്ജം പ്രവേശിക്കുന്നതായി അനുഭവപ്പെട്ടു. തുടക്കത്തിൽ അത് വെറും അതിശയോക്തിയായി അവൾ തള്ളിക്കളഞ്ഞു. എന്നാൽ കാലക്രമേണ, ലോറയുടെ ചർമ്മം വിളറുകയും ഇന്ദ്രിയങ്ങൾ ഏതാണ്ട് അമാനുഷിക തലത്തിലേക്ക് മൂർച്ച കൂട്ടുകയും ചെയ്തു. എന്താണ് സംഭവിക്കുന്നതെന്ന് മനസിലാക്കാൻ അവൾ പാടുപെടുമ്പോൾ ആശയക്കുഴപ്പവും ഭയവും അവളെ വലയം ചെയ്തു. തുടർന്ന് കഴിച്ചിട്ട രഹസ്യങ്ങൾ പുറത്തുവരാൻ തുടങ്ങി. എല്ലായ്പ്പോഴും അവളോട് വാത്സല്യംചൊരിഞ്ഞിരുന്നലോറയുടെ സ്നേഹനിധികളായ മാതാപിതാക്കൾ, അവളെ ഒരു ശിശുവായി ദത്തെടുത്തതാണെന്ന് കണ്ണീരോടെ വെളിപ്പെടുത്തി. അവളുടെ യഥാർത്ഥ വംശപരമ്പരയെക്കുറിച്ച് അറിയാതെ, മാന്ത്രിക കാടിന്റെ പ്രാന്തപ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ അവളെ കണ്ടെത്തിയതായി അവർ സമ്മതിച്ചു. ഈ വെളിപാട് ലോറയെ ഒരു മിന്നൽ പോലെ ബാധിച്ചു. അവൾ അറിയാതെ ഒരു നുണയിലാണ് ജീവിച്ചിരുന്നത്, ഇപ്പോൾ അവൾ അതിന്റെ വില നൽകുകയാണ്. തന്റെ പുതിയ ശക്തികളെ നിയന്ത്രിക്കാൻ അവൾക്ക് കഴിഞ്ഞില്ല, അത് തനിക്ക് ചുറ്റുമുള്ളവർക്ക് ഭീഷണിയായി. തന്റെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ ഭയന്ന്, തനിക്ക് അറിയാവുന്ന ഒരേയൊരു വീട്ടിൽ നിന്ന് അവൾ അകലം പാലിച്ചു. ആശ്വാസവും പരിഹാരവും തേടി അവൾ പുരാണ ജീവികളുടെ പ്രദേശമായ പുരാതന വനത്തിനുള്ളിൽ അഭയം തേടി. അവളുടെ നിരാശാജനകമായ രക്ഷപ്പെടലിനിടയിൽ, അവൾ പരിക്കേറ്റ ഒരു ചെന്നായയെ കണ്ടു. കുട്ടിക്കാലത്ത് അവൾ വായിക്കാൻ ഇഷ്ട്ടപെട്ടിരുന്ന കഥകളിൽ ചെന്നായ്ക്കളെ പലപ്പോഴും വേട്ടക്കാരായി ചിത്രീകരിച്ചിരുന്നതിനാൽ അവൾ ഭയത്താൽ പിന്മാറി. എന്നാൽ അവൾ ആ അപേക്ഷിക്കുന്ന കണ്ണുകളിലേക്ക് നോക്കുമ്പോൾ, അവളുടെ ഉള്ളിൽ സഹാനുഭൂതിയുടെ ഒരു മിന്നൽ ജ്വലിച്ചു. പരിഭ്രാന്തി ഉണ്ടായിരുന്നിട്ടും, ലോറ ആ ജീവിയെ സഹായിച്ചു. ഇരുവരും ആശ്വാസത്തിനായി ആ കാട്ടിൽ അഭയം തേടി. അത് ഒരു സാധാരണ ചെന്നായയായിരുന്നില്ല. വാസ്തവത്തിൽ, മനുഷ്യന്റെയും ചെന്നായയുടെയും രൂപം സ്വീകരിക്കാൻ കഴിവുള്ള ഒരു ചെന്നായ രാജകുമാരിയായിരുന്നു അവൾ. അവളുടെ പേര് ലൂണ എന്നായിരുന്നു. വാമ്പയറും ചെന്നായയും തമ്മിലുള്ള ശത്രുത നൂറ്റാണ്ടുകൾ നീണ്ടുനിന്നതിനാൽ, ഓരോ ഏറ്റുമുട്ടലും ശത്രുതയും അവിശ്വാസവും നിറഞ്ഞതായിരുന്നു. തുടക്കത്തിൽ, സാധ്യതയുള്ള ഒരു ശത്രുവുമായി ചേർന്ന് നിൽക്കാൻ കഴിയാത്തതിനാൽ ലൂണയ്ക്ക് ലോറയെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാൽ അവൾ ലോറയെ അറിഞ്ഞപ്പോൾ, ശത്രുതകൾക്ക് അർത്ഥമില്ലായിരുന്നു. കുറച്ചുകാലത്തേക്ക് അവർ പരസ്പരം സന്തോഷത്തിൽ ഏർപ്പെട്ടു. എന്നാൽ വിധി അവർക്കായി വ്യത്യസ്ത പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. ലൂണയുടെ വിശ്വസ്തരായ ചെന്നായ്ക്കളുടെ കൂട്ടം താമസിയാതെ രണ്ട് പെൺകുട്ടികൾ തമ്മിലുള്ള വിലക്കപ്പെട്ട സൗഹൃദം കണ്ടെത്തി. വിധിയുടെ ക്രൂരമായ ഒരു വഴിത്തിരിവിൽ, അവർ ലൂണയെ ലോറയിൽ നിന്ന് നിർബന്ധിതമായി വേർപെടുത്തി, ലോറയ്ക്ക് പരിക്കേൽപ്പിച്ചു.അവരുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ലൂണ അവളുടെ കൂട്ടത്തെ അഭിമുഖീകരിച്ചപ്പോൾ, അവൾക്ക് ചിന്തിക്കാൻ പോലും കഴിയാത്തത് അവളോട് പറഞ്ഞു. ദീർഘകാലമായി നഷ്ടപ്പെട്ട വാമ്പയർ രാജകുമാരിയായിരുന്ന ലോറ, അവളുടെ നിലനിൽപ്പ് പോലും ലൂണയ്ക്ക് അപകടകരമായിരുന്നു. തങ്ങളെ വേർപെടുത്താൻ ഗൂഢാലോചന നടത്തിയ ശക്തികൾക്കെതിരെ പോരാടിയ ലൂണയും ലോറയും

ഒരിക്കൽ കൂടി പരസ്പരം കണ്ടെത്താൻ ധീരമായി പോരാടി. സങ്കൽപ്പിക്കാനാവാത്ത പരീക്ഷണങ്ങളും കഷ്ടപ്പാടുകളും നേരിടുന്ന ലൂണയ്ക്ക് ലോറയ്ക്കും ഒരു പ്രക്ഷുബ്ധമായ യാത്ര മുന്നിലുണ്ടായിരുന്നു. എന്നാൽ അവരുടെ സ്നേഹവും അവർ തമ്മിലുള്ള തകർക്കാനാവാത്ത ബന്ധവും ഏറ്റവും കഠിനമായ കൊടുങ്കാറ്റുകളെപ്പോലും അതിജീവിച്ചു. തങ്ങളുടെ പങ്കിട്ട വിധിയിൽ ഐക്യപ്പെട്ട അവർ വാമ്പയർമാരും ചെന്നായ്ക്കളും തമ്മിൽ ഒരു സഖ്യം സംഘടിപ്പിക്കുകയും അവരുടെ കയ്യേറിയ ശത്രുതയുടെ നിഴലുകൾ എന്നെന്നേക്കുമായി ഇല്ലാതാക്കുകയും ചെയ്തു. അതിനാൽ, സൗഹൃദത്തിൻ്റെ ശക്തിയുടെയും മനുഷ്യാത്മാവിൻ്റെ പ്രതിരോധത്തിൻ്റെയും തെളിവായ അവരുടെ കഥ ദുരന്തത്തിൽ അവസാനിച്ചില്ല, മറിച്ച് സന്തോഷത്തിൻ്റെ തഴച്ചുവളരുന്ന സ്വരച്ചേർച്ചയിൽ അവസാനിച്ചു. സ്വപ്നങ്ങൾ യാഥാർത്ഥ്യവുമായി ഇടപഴകുന്ന ഫാന്റസിയുടെ മേഖലകളിൽ, അസാധാരണമായ കാര്യങ്ങളിൽ വിശ്വസിക്കാൻ ധൈര്യപ്പെടുന്നവരുടെ ഹൃദയത്തിൽ ഈ ആകർഷകമായ കഥ എന്നെന്നേക്കുമായി പതിഞ്ഞിരിക്കും.

**ജിയ നിശ**



# ഒരുമയുടെ പാഠം

ഒരിടത്ത് ഒരു പ്രദേശത്ത് രണ്ട് ഉറുമ്പിൻ കോളനികൾ ഉണ്ടായിരുന്നു. ചുവന്ന ഉറുമ്പിൻ കോളനികളും കറുത്ത ഉറുമ്പിൻ കോളനികളും.നിറം,ജാതി,മേൻമകളുടെ പേരിലും എന്നും അടിയാണ്. ഇങ്ങനെയിരിക്കെ ചുവന്നവരുടെ കൂട്ടത്തിൽനിന്നും രണ്ട് ഉറുമ്പുകൾ കാണാതായി.ചുവന്നവർ അന്വേഷിച്ചെങ്കിലും കണ്ടെത്താനായില്ല.ഇതറിഞ്ഞ കറുത്തവർ ആഹ്ലാദിച്ചു.ആ കോളനിയിൽ ഈ വാർത്ത ഉത്സവമായിരുന്നു.പെട്ടന്നൊരു ദിവസം ചുവന്നവരുടെ കാവൽക്കാരൻ  കിതച്ചു കൊണ്ട് വന്ന് പറഞ്ഞു.'നേതാവേ....! നമ്മുടെ കുട്ടികളെ ചിലന്തിയാണ് പിടിച്ച്തിന്നത്’.ആവാർത്തകോളനിയെനടുക്കുന്നതായിരുന്നു.കുറച്ച് നാളുകൾക്ക് ശേഷം കറുത്തവരുടെയും ആളുകളെയും കാണാതായി.അതും ആ ഭീകരൻ കൊന്ന് തിന്നതാണെത്രെ! പെട്ടന്നൊരു ദിവസം ആ ചിലന്തി രണ്ടു കോളനികളെയും ആക്രമിച്ചു.എല്ലാവരും കീഴടങ്ങി.ഒരുനാൾ രണ്ടു കൂട്ടരെയും ഭീകരചിലന്തി വിളിച്ചുവരുത്തി.ചിലന്തി പറഞ്ഞു.'ഹേ..കീടങ്ങളെ...,എനിക്ക് പ്രായമായി വരുന്നു.അതുകൊണ്ട് നിങ്ങൾ ഓരോ കോളനിയിൽ നിന്നും ഓരോ പേർ ദിവസവും തിന്നണം.കേട്ടോ കീടങ്ങളെ..?’ അവർക്കാ നിർദേശം അനുസരിക്കേണ്ടി വന്നു.ദിവസവും ഓരോപേർകോളനിയിൽനിന്നുംയാത്രയായി.ഇങ്ങനെ തുടർന്നപ്പോൾ കോളനികളിലെ ഉറുമ്പുകളുടെ എണ്ണത്തിൽവലിയമാറ്റമുണ്ടായി.ആമൈതാനത്ത്ഇന്ന്നിശബ്തത.അവർ പരസ്പരം അവരുടെ കുഞ്ഞുകളുടെഭാവിക്ക്മുതിർന്നവർമരിക്കാൻ പാടില്ല എന്ന് മനസ്സിലാക്കി കഴിഞ്ഞിരുന്നു.രണ്ടു നേതാക്കൻമാരുംനേരെ വന്ന് കൈകോർക്കുന്നു.അവർക്കപ്പോൾ മനസ്സിലായി അവരുടെ ഒരുമയില്ലായ്മയാണ് അവർക്ക് കുറേ പേരെ നഷ്ടമായതെന്ന്.അവർ ഒന്നിച്ച് നഷ്ടപ്പെട്ടവരെ ഓർത്ത്കരയുന്നു.അവരിൽഒരാൾപറയുന്നു.'നാംഒന്നാണ് ,നമ്മൾ ഒന്നാണ്’.'എങ്ങനെ ഇനി ആ ഭീകരനെ നേരിടും?'.ഒരു ഉറുമ്പ് ചോദിച്ചു.'നമ്മൾ ഭക്ഷണം ശേഖരിക്കാൻ പോയ ആ വീടില്ലേ?,അവിടെ അടുക്കളയിൽ ചൂല് കണ്ടില്ലേ?അതുവച്ചല്ലേ നമ്മളേ അവർ തുരത്തിയത്’.എന്ന് ചുവന്നോരിലൊരാൾപറഞ്ഞു.എല്ലാവർക്കുംകാര്യംമനസ്സിലായി.അവർ ചൂലുണ്ടാക്കാൻ സാധനങ്ങൾ ശേഖരിച്ചു.അങ്ങനെഅവർചൂലുകളുണ്ടാക്കി.എല്ലാവരും ഓരോ ചൂലുമായി അണിനിരന്നു. അവർ ഒരു ഉപായം തയ്യാറാക്കി.അവർ എല്ലാവരും ഒരുമിച്ച് ആ ഭീകര ചിലന്തിയുടെ മാളത്തിലേക്ക് പോയി.ചിലന്തിയപ്പോൾ കിടന്നുറങ്ങുകയായിരുന്നു.അവർ ചാടി ചിലന്തിയുടെ മേലെ വീണ് തലങ്ങും വിലങ്ങും ചൂലുകൊണ്ട് അടിച്ചു.അടികൊണ്ട് ചിലന്തി അലറി കരഞ്ഞു.'അയ്യോ...രക്ഷിക്കണേ....'.അടികൊണ്ട്ചിലന്തിയുടെകാലിലെ എല്ലെല്ലാം പൊട്ടി.അവസാനം ആഭീകരന്റെകണ്ണടഞ്ഞു.ദീർഘനെടുവീപ്പിട്ടു.അന്നവർ ഒരു പാഠം പടിച്ചു.ആ പാഠം ഇതാണ്, "ഐക്യമത്യംമഹാബലം"

നവേദ്

# എന്റെ ഉദ്യാനം

എന്റെ ഉദ്യാനത്തിലെ ചെടികൾക്കെല്ലാം
എന്താണിന്നിത്രസന്താപം
ചുട്ടുപൊള്ളുന്ന വെയിൽച്ചൂടിൽ
ക്ഷീണിച്ചുനിന്നതായിരിക്കം
അല്പം ദാഹജലത്തിന്നായവ
കാത്തിരുന്നതാവാം...
പൂമ്പാറ്റകളെ കാണാഞ്ഞിട്ട്
പൂക്കൾക്കെല്ലാം മൗനം
പൂമൊട്ടുകളൊക്കെ വാടിക്കുഴഞ്ഞിട്ട്
വീഴാറായി നിൽക്കുന്നു.
പള്ളിക്കൂടത്തിൽ പോയിട്ടുവന്നപ്പോൾ
ഓടിയെത്തി ഞാൻ തോട്ടത്തിൽ
അവയുടെ ദയനീയാവസ്ഥകണ്ടപ്പോൾ
പിടഞ്ഞുദുഃഖത്താലെൻ ഹൃദയം.
പെട്ടെന്നുകിണറ്റിലെ  വെള്ളംകോരീട്ട്
ചെടികളുടെ മേനിനനച്ചുഞാൻ
ഹാ...ഹാ...ക്ഷീണമകന്നുതുടങ്ങുന്നു
അസ്തമയത്തെ വരവേൽക്കാൻ
വാടിക്കുഴഞ്ഞ പൂമൊട്ടുകളൊക്കെ
നീണ്ടുനിവർന്നുനിൽക്കുന്നു
അപ്പൊഴുമുണ്ടെനിക്കൊരു സങ്കടം
വിരിഞ്ഞപ്പൂക്കൾ കൊഴിയുമല്ലോ
ജനിച്ചാലൊരുനാൾ മരണമുണ്ടെന്നൊരു
യാഥാർത്ഥ്യം നാമറിയേണം
നലൊരു സുപ്രഭാതം പൊട്ടിവിരിയുമ്പോൾ
മൊട്ടുകളെല്ലാം പുഷ്പങ്ങളായ്....
അവയെ ചുംബിക്കാൻ മധുവും ശലഭംവും
പാറിപ്പാറി വരുമല്ലോ....
അവയുടെയൊക്കെയീ സന്തോഷം കണ്ട്
ഉള്ളിന്നുള്ളിൽ ഞാനാനന്ദിച്ചു....

പ്രഹ്ളാദ് ജി പ്രഭു

# വീട്

ആമകുട്ടന് ആനപ്പുറത്ത് കയറുവാൻ ആഗ്രഹം
അമമയും അച്ചനും സമ്മദിച്ചില്ല
ആമകുട്ടൻ കരഞ്ഞുപോയി
ആമകുട്ടൻ വീട്ടിൽ നിന്ന് ഇറങ്ങി പോയി
ആമ വരുന്നേ പിടിക്കടാ
ആമക്കുട്ടനെ കല്ലെറിഞ്ഞു ആമക്കുട്ടൻ തല അകത്തേക്ക്
വലിച്ചു
കുട്ടികൾക്ക് എറിഞ്ഞു മടത്തനേരം
കിട്ടിയ തക്കത്തിൽ ആമ വീട്ടിലേക്ക് തിരിച്ചു മടങ്ങിവന്ന
നേരം
അമ്മയും അച്ചവനും കരയുന്നു
എദ്ദിനാ പിണങ്ങിപോയത് അച്ചൻെ പുറത്ത് കയറി കളിച്ചൂടെ
അമ്മ ആമകുട്ടനെ കെട്ടിപ്പിടിച്ചു ആമകുട്ടൻ കരഞ്ഞുപോയി

**റസിൻ.യു**
9A



# വർഷം



വർഷക്കാലത്തോടാണ് ഭൂരിഭാഗം പേർക്കും ഇഷ്ടമെന്ന് ഞാൻ കരുതുന്നു. എനിക്കും അങ്ങനെ തന്നെ.മഴ ആകാശത്തു നിന്ന്  നേർത്ത തുള്ളികളായി ഭൂമിയിൽ പതിക്കുമ്പോൾ ആ മഴയത്തൊന്ന് നനയാൻ തോന്നാറില്ലേ? മഴക്കുമുൻപുള്ള തണുത്ത കാറ്റിൽ പാറിനടക്കാൻ തോന്നാറില്ലേ? അതെ, അതാണ് യഥാർത്ഥ ഇഷ്ടം.

മാനത്തെ പഞ്ഞിക്കെട്ടുകളിൽ നിന്ന് തിളങ്ങുന്ന തുള്ളികൾ ഓടിയോടിവരുന്നത് ഞാൻ കണ്ണെടുക്കാതെ നോക്കി നിൽക്കാറുണ്ട്.തണുത്ത കാറ്റ് ഒന്നുകൂടി എന്നെ കെട്ടിപ്പുണർന്നെങ്കിൽ എന്നെനിക്ക് തോന്നാറുണ്ട്. ജീവിതത്തിൽ മനോഹരമായ അനുഭവങ്ങൾ സമ്മാനിക്കുന്ന മായാമാലാഖയാണ് മഴ.

സബിനനന്ദന

# അമ്മ

തെങ്ങ് മന്ത്രിക്കുന്ന കേരളത്തിലെ കാറ്റിൽ,
അമ്മയുടെ സ്നേഹം, എന്നെന്നേക്കുമായി നിലകൊള്ളുന്ന ഈണം.

കഞ്ഞി പ്രഭാതങ്ങളിലൂടെയും സദ്യയുടെ ആനന്ദത്തിലൂടെയും,
അവളുടെ സ്നേഹം, ഓരോ നിമിഷവും ശോഭനമാക്കുന്ന ഒരു സുഗന്ധവ്യഞ്ജനമാണ്.

കസവു കൃപയിൽ, അവളുടെ സാരി വിരിയുന്നു,
കാലാതീതമായ, നിശബ്ദമായി പറഞ്ഞ ഒരു പ്രണയകഥ.

"അമ്മയുടെ പ്രണയഗാനം" ഒരു മധുര പല്ലവി,
ഓരോ തട്ടുകട മഴയിലും.

തിരുവാതിര കറങ്ങലിലൂടെയും നിലവിളക്ക് തെളിച്ചത്തിലൂടെയും,
അവളുടെ സ്നേഹം, ഒരു നൃത്തം, സൗമ്യവും മന്ദഗതിയിലുള്ളതും.

മാപ്പിള ഈണങ്ങളോട്ടും പായസത്തോട്ടും കൂടി,
അവളുടെ പ്രണയം, ഒരു സിംഫണി, രാത്രിയിൽ മൃദുവാണ്.

സാരിയിൽ, പാരമ്പര്യ നെയ്ത്ത്,
അമ്മയുടെ സ്നേഹം, ഒരിക്കലും വിട്ടുപോകാത്ത പൈതൃകം.

**ഇഷാൻ ഹാസിം. എ പി**



# മറന്നേ പോയി ഞാൻ

ഭൂമിതൻ  നെറുകയിൽ വീണ മഴനീർത്തുള്ളിയെ.....................
കളിരേകുന്ന  കാറ്റിനെ
കൂട്ടിനു വിളിച്ച് എന്റെ
വീടിനു ചാരെ വന്ന നിന്റെ ചിലമ്പൊലി
എന്നിൽ ഈണങ്ങളായി
മാറിയപ്പോൾ...................
നിന്റെ കാലുകൾ നൃത്തം ചെയ്തപ്പോൾ...
മറന്നു ഞാൻ നിന്റെ  പൊയ്മുഖം

നിന്റെ ചിലമ്പൊലി പതിയെ
ഘോര ഇടിയായി മാറിയതും
നീ പകർന്ന നിലാവെളിച്ചം മിന്നലായി മാറിയതും
സ്വയമേ നീയൊരു ഭ്രാന്തിയായി മാറിയതും
സർവ്വതും ഞാൻ മറന്നേ പോയി..........

നിന്റെ അഗ്നി പ്രളയജലമായെത്തി
എന്റെ നാടിനെ കവർന്നെടുത്തത്
മാനുഷ്യർ ആ ദുരിതജല ത്തിൽ
മുങ്ങിതാണത്
മണ്ണും മരവും സസ്യവും
ജന്തുവും എല്ലാം നിന്റെ
താപത്തിന് ഇരയായത്
സർവ്വതും ഞാൻ മറന്നേ പോയി................

ആർദ്ര. പി
9 . K

# എന്റെ ഗ്രാമം

ഹരിതമനോഹരമാണെന്റെ ഗ്രാമം .
സൂര്യ കിരണമേറ്റുണരുന്ന ഗ്രാമം .
നീർച്ചാലുകളും പുഴകളും നിറഞ്ഞൊഴുകുന്ന .
അന്തി നേരത്ത് ഇളം കാറ്റിൽ കുളിരണിയുന്ന .
കാവിലെ തെയ്യവും പാട്ടുമുള്ളൊരു ഗ്രാമം .
എന്തുമനോഹരമാണെന്റെ ഗ്രാമം .
നീന്തിതുടിച്ചുല്ലസിക്കു ന്ന കിടാങ്ങൾ .
അധ്വാനത്തിന്റെ ചളിപുരണ്ട കരങ്ങൾ .
എല്ലാവരും ഒത്തൊരുമയോടെ വസിക്കുന്ന
എന്തുമനോഹരമാണെന്റെ  ഗ്രാമം

കാർത്തിക്ക് .കെ
9.L



# ലഹരി കാരണം ഒരു കുടുംബത്തിനുണ്ടായ നഷ്ടങ്ങൾ

സന്തോഷത്തോടെയും  സമാധാനത്തോടെയും ജീവിച്ചിരുന്ന ഒരു കൊച്ചു കുടുംബം ഇന്ന് തീരാ ദുഃഖത്തിലാണ്.നാലുപേരടങ്ങിയഒരുകൊച്ചുകുടുംബം അച്ഛൻ അമ്മ അമ്മൂമ്മ. ഇവരുടെ ആകെ ആശ്രയവും പ്രതീക്ഷയും  നീരജിൽ മാത്രമായിരുന്നു.പതിനൊന്നാം ക്ലാസിൽ പഠിക്കുന്ന നീരജ് പത്താം ക്ലാസ് വരെ പഠിക്കാനും പാടാനും നന്നായി കഴിവുള്ള കുട്ടിയായിരുന്നു.പത്തിൽ ഫുൾ എ പ്ലസ് വാങ്ങി വിജയിച്ചു. പാട്ടിലും പഠനത്തിലും ടിവി പ്രോഗ്രാമുകളിലും തെളിഞ്ഞുനിന്നു  തന്റെ കൊച്ചു കുടുംബത്തിന് വലിയ പേരുനൽകി. നീരജ് എന്ന കൊച്ചു കലാകാരൻ ലോകമെമ്പാടും അറിയപ്പെട്ടു. എന്നാൽ പ്ലസ് വൺ  ക്ലാസ് തുടങ്ങിയപ്പോൾ നീരജിന്  പഠിക്കാനോ ഉറങ്ങാനോ ക്ലാസ്സിൽ ശ്രദ്ധിക്കാനോ കഴിയാതെ വന്നു. സ്കൂളിലെ അധ്യാപകർ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ ക്ലാസ്സിൽ ഇരിക്കാതെ ബാത്റൂമിൽ ഇടയ്ക്കിടെ പോകുന്നു, അധ്യാപകരോടും വീട്ടുകാരോടും ദേഷ്യപ്പെടുന്നു. വീട്ടിലെ ഓരോ അവശ്യ വസ്തുക്കൾ നശിപ്പിക്കുന്നതായി കണ്ടു. വീട്ടുകാർ നീരജിന്റെ പെട്ടന്നുണ്ടായ മാറ്റങ്ങൾ ശ്രദ്ധിച്ചു. അങ്ങനെ ഒരുപാട് ദിവസങ്ങൾക്കൊടുവിലാണ് വീട്ടുകാർ ആ സത്യം മനസിലാക്കിയത്. അപ്പോഴേക്കും അവരുടെ പിടിയിൽ നിന്നും ലഹരി എന്ന മഹാവിപത്ത് നീരജ് എന്ന ആൺകുട്ടിയെനശിപ്പിച്ചുകഴിഞ്ഞിരുന്നു ഒടുവിൽ അധ്യാപകരും വീട്ടുകാരും ഒരു അന്വേഷണം നടത്തി, അപ്പോഴാണ് അവർക്ക് മനസിലായത് സ്കൂളിലേക്ക് പോകുന്ന വഴിയിൽ വെച്ച് തന്റെ കൂട്ടുകാരുടെ നിർബന്ധം മൂലമാണ് അവൻ ലഹരിയുടെ പാതയിലേക്ക് എത്തിയത്. സമൂഹത്തിൽ അത്രയും അറിയപ്പെടുന്ന കുട്ടി, വീട്ടുകാർക്ക് തണലേകേണ്ട ഒരു മകൻ അവരുടെ സ്വപ്നങ്ങൾ എല്ലാം എന്നെന്നേക്കുമായി തല്ലികെടുത്തി.

ലഹരികീഴടക്കിയ നീരജിനെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരാനായി തന്റെ മാതാപിതാക്കളും അധ്യാപകരും അവനോട് സംസാരിക്കുകയും അവൻ ചെയ്യുന്ന തെറ്റ് ചൂണ്ടികാണിക്കുകയും ചെയ്യ്തു. എല്ലാ തെറ്റും മനസിലാക്കി. നീരജ് സമൂഹത്തിന് ഒരു പാഴ് വസ്തു ആണെന്നും തന്റെ മാതാപിതാക്കളെ സമാധാനിപ്പിക്കാനോ സന്തോഷിപ്പിക്കാനോ കഴിയില്ല എന്നു മനസിലാക്കി നീരജ്. താൻ അറിവ് പകർന്ന സ്കൂൾ കെട്ടിടത്തിന്റെ നാലാം നിലയിൽ നിന്നും താഴേക്കു ചാടി, വീട്ടുകാരിൽ നിന്നും  അധ്യാപകരിൽ നിന്നും,എന്നെന്നേക്കുമായിയാത്രയായി........

ആദിത്യ

# പ്രകൃതി

ഇരുളിൽ മറനീക്കി ഉഷസുണരുമ്പോൾ,
നമ്മിലുണരുന്നു പുതുപുത്തൻ പുലരിയും
ഓരോ പുലരിയും ഓരോരോ പ്രതീക്ഷകൾ
നൽകിടുന്നു ഓരോ പ്രതീക്ഷകയും
ഓരോരോ വസന്തമായി മാറിടും
ഓരോ വസന്തവും പുതുപുത്തൻ കാഴ്ചകൾ
നൽകുന്നു ഇത്ര സുന്ദരമാം കാഴ്ചകൾ
നൽകിടും എന്നമ്മയെ വണങ്ങുന്
നു ഞാനെന്നെന്നും നീയല്ലോ പ്രകൃതിയും
അമ്മയും നീയല്ലോ പ്രപഞ്ച സൃഷ്ടിയും
പ്രകൃതിയാം അമ്മയെ കാത്തിടാം
നമുക്കെന്നും നന്മയുള്ള നല്ലൊരു നാളെക്കായ്

കവിത.



# സ്വപ്നങ്ങളും ദുഃഖങ്ങളും

oooooooooooooooooooooooooooooo

ദുഃസാന്ദ്രമീ സാഗരതീരത്ത്
ഞാനും എൻ സ്വപ്നങ്ങളും ബാക്കി
ആരോട് ഞാൻ ചോല്ലേണ്ടു
എൻ സ്വപ്നങ്ങളും എൻ ദുഃഖങ്ങളും
കേൾക്കാൻ അലയടിക്കുന്ന തിരങ്ങളും
അങ്ങു ദൂരേ മറയുന്ന
സൂര്യനമല്ലാതരുണ്ട്
പൂവണിയാതെ പോലിഞ്ഞു
പോയയെൻ സ്വപ്നങ്ങൾ
ഇനിയെന്നെങ്ങിലും എൻ
മനസിൽ കുടികയറുമോ?
വരണ്ട ഭൂമിയിൽ ദാഹജലം
തേടിയലയും എന്നെ മേഘങ്ങൾ
പോലും ചതിക്കുന്നുമോ?
ഇനിയും പരീക്ഷണങ്ങളരുതേ
ലോക സ്രഷ്ടാവേ
മതിയീ മാനുഷ്യ ജീവിതം
മടുത്തു പോയി ഈ ജന്മം......




താളുകൾക്കിടയിലൂടെ
കടന്നുപോയവർക്ക് ......
ഹൃദയത്തിൽ
തൊട്ടൊരായിരം നന്ദി.....
GOVT. BOYS HIGHER SECONDARY SCHOOL
TIRUR
Quest for Excellence
ESTD : 1899
ജി.ബി.എച്ച്. എസ്.എസ്.
തിരൂർ